സ്കാർലെറ്റ് സെൻ ക്ലെയറിന്റെ "എ ടച്ച് ഓഫ് ഡാർക്നെസ്സ് "എന്ന ഫാന്റസി നോവലിന്റെ ആസ്വാദനം : ഏഴാം അദ്ധ്യായം എ ടച്ച് ഓഫ് ഫേവർ { A Touch Of favor }

നീന പനക്കൽ
****

കറുത്ത സിൽക്കിന്റെ ഷീറ്റ് വിരിച്ച ഒരു കട്ടിലിന്റെ അരികത്ത് പെർസെഫനിയെ കിടത്തി, ഹെയ്ഡിസ് തന്റെ മാന്ത്രിക ശക്തികൊണ്ട് അവളുടെ ഒടിഞ്ഞ വാരിയെല്ലുകളും പിളർന്ന തോൾപ്പലകകളും സുഖമാക്കി. തന്റെ പ്രണയിനിയെ എന്നപോലെ അയാൾ അവളെ ചുംബിക്കുകയും ഞരങ്ങുമ്പോൾ തലോടുകയും ചെയ്തു കൊണ്ടേയിരുന്നു.

" വേദന മാറിയോ?" ഹെയ്ഡിസ് ചോദിച്ചു.

'മാറി.' അവൾ പറഞ്ഞു. 'നിങ്ങളുടെ ഈ നദിയിൽ എങ്ങനെയാണ് ശവശരീരങ്ങൾ വന്നത്? അവയാണ് എന്നെ നദിക്കകത്തേക്ക് ,ആഴങ്ങളിലേക്കു വലിച്ചുകൊണ്ട് പോയത്.'

" ഭൂമിയിലെ ചില മനുഷ്യർ മൃതദേഹങ്ങൾ അടക്കം ചെയ്യുമ്പോൾ അധോലോകത്തെ സ്റ്റിക്സ് നദി കടക്കാനുള്ള നാണയങ്ങൾ വയ്ക്കാറില്ല. അതുകൊണ്ട് അവർക്ക് നദി കടന്ന് ആത്മാക്കൾ വസിക്കുന്നയിടത്തേക്ക് പോകാനാവില്ല. അവർ നദിയിൽ കിടക്കും, ഞാനറിയാതെ ജീവിക്കുന്നവരോ മരിച്ചവരോ ആയ ഒരാളും ഒരാത്മാവും അധോലോകത്തേക്ക് കയറുകയില്ല."

'ഓ? ഇന്നും അങ്ങനെ ഒരു ആചാരമുണ്ടോ ?'

" പഴയകാലത്തെ ആചാരമാണ്. ഈ ശവശരീരങ്ങൾ നൂറ്റാണ്ടുകൾ പഴക്കമുള്ളവയാണ്."

' ജീവനുള്ളവരെ മുക്കിക്കൊല്ലുക എന്നതൊഴികെ അവർ മറ്റെന്തു ചെയ്യും?'

" അത് മാത്രമാണവർ ചെയ്യുന്നത്."

നോ സോൾസ് ഇൻ, നോ സോൾസ് ഔട്ട് ,വിത് ഔട്ട് ഹെയ്ഡിസസ് നോളഡ്ജ് .

'

" നനഞ്ഞ വസ്ത്രങ്ങൾ മാറ്റിക്കൊള്ളൂ. "

' ഞാൻ വേറെ വസ്ത്രങ്ങൾ കൊണ്ടു വന്നിട്ടില്ല.'

"ഇവിടെയുണ്ട്. ഞാൻ തരാം.'

'നിങ്ങളുടെ കാമുകിമാർ ഉപയോഗിച്ച വസ്ത്രങ്ങൾ എനിക്ക് വേണ്ട.'

എനിക്ക് കാമുകിമാർ ഇല്ല എന്ന് ഹെയ്ഡിസ് പറയും എന്നവൾ ആശിച്ചു.

ഒരു കറുത്ത സിൽക്കിന്റെ ഗൗൺ കൊടുത്തിട്ട് ഹെയ്ഡിസ് പറഞ്ഞു," വേണമെങ്കിൽ ഈ ഗൗൺ അണിഞ്ഞോളൂ. എനിക്ക് നിർ ബന്ധമില്ല. സ്റ്റിക്സിൽ നനഞ്ഞ വസ്ത്രങ്ങൾ മതിയെങ്കിൽ അത് ദേവിയുടെ ഇഷ്ടം."

അഴുകിയ ശവങ്ങൾ കിടക്കുന്ന വെള്ളത്തിൽ നനഞ്ഞ തന്റെ വസ്ത്രങ്ങൾ അവൾ മാറ്റി, കറുത്ത ഗൗൺ ധരിച്ച് സ്ക്രീനിനു പുറത്ത് വന്നു.

" ഇനി വിശ്രമിക്കൂ." ഒരു കറുത്ത കട്ടിയുള്ള പുതപ്പ് കൊണ്ട് ഹെയ്ഡിസ് അവളെ പുതപ്പിച്ചു .അവൾ കൈ നീട്ടി ആ ദേവന്റെ മുഖത്തും ചുണ്ടുകളിലും തലോടി.

"താങ്ക് യു " അവൾ ഉറങ്ങി. മണിക്കൂറുകൾ!!

ഉണർന്നപ്പോൾ തൊട്ടടുത്തു ഒരു കസേരയിൽ ഹെയ്ഡിസ് ഇരിക്കുന്നുണ്ടായിരുന്നു .കൈയ്യിലെ ഗ്ലാസിൽ വിസ്കിയുമായി .

മുറിയിൽ സുഖമുള്ള ചൂട് പകരുന്ന ഫയർ പ്ലേസിലേക്ക് അവളുടെ കണ്ണുകൾ പാറി.ആ നിശബ്ദതയിൽ അവളുടെ ശരീരം അയാളുടെ നേർക്ക് പ്രതിപ്രവർത്തനം ചെയ്യുന്നത് അവൾക്ക് നല്ല ബോധ്യമുണ്ടായിരുന്നു.

'എത്രനേരം ഞാൻ ഉറങ്ങി?' പെർസെഫനി ചോദിച്ചു.

"മണിക്കൂറുകൾ"

'എനിക്ക് പോകണം.' അവൾ എഴുന്നേറ്റു.

"ഏതായാലും ഇവിടെ വരെ വന്നതല്ലേ. എന്റെ രാജ്യത്തിന്റെ ഒരു ചെറിയ ടൂർ തരാം. വരൂ"അവർ നടന്നു .

“മൈ ലേഡി നിനക്കിപ്പോൾ എങ്ങനെയുണ്ട്? എന്റെ അതിർത്തിക്കകത്ത് വച്ചു ഇങ്ങനെ സംഭവിച്ചതിൽ എനിക്ക് ഖേദമുണ്ട്. ഇനിയൊരിക്കലും ഇങ്ങനെ ഉണ്ടാവില്ല.”

*****

അതി മനോഹരമായ പലയിനം പൂക്കളുടെ സൗരഭ്യം! തഴച്ച് വളർന്ന പച്ചമരങ്ങൾ പച്ചപ്പുൽ തകിടികൾ, മുട്ടോളം നീണ്ടു വളർന്ന പുൽമേടുകൾ . ആകെ മത്തുപിടിപ്പിക്കുന്ന സൗന്ദര്യം!!!

‘യു ആർ എ ബാസ്റ്റാർഡ് ‘ പെട്ടെന്നവൾ പറഞ്ഞു.

“ചീത്ത വാക്കുകൾ പറയരുത്.” അയാൾ വിലക്കി.

‘ ഇത്ര മനോഹരമായ ഒരു ലോകത്തിലാണോ ഞാൻ പൂന്തോട്ടം ഉണ്ടാക്കേണ്ടത്?’ ഹെയ്ഡിസ് കൈ ഒന്ന് വീശി . പൂക്കളും മരങ്ങളും പുൽത്തകിടികളും അപ്രത്യക്ഷമായി. വെറും പുകയും ചാരവും മാത്രം!!!

“മായാദർശനം മാത്രമാണതെല്ലാം.” അധോലോകത്തെ പെർസെഫനി അമ്പരന്നു നോക്കി. അയാൾ വീണ്ടും കൈ വീശി എല്ലാം തിരികെ വന്നു. പൂക്കളും മരങ്ങളും പുൽത്തകിടികളും എല്ലാം.

അവൾക്ക് സ്വന്തം മമ്മായുടെ വലിയ കണ്ണാടികൂട് ഓർമ്മ വന്നു. ഞാൻ എങ്ങനെയാണ് ഇവിടെ പൂന്തോട്ടം ഉണ്ടാക്കുക ? വസന്തത്തിന്റെ ദേവതയാണെങ്കിലും ഒരു പൂവിലോ ഇലയിലോ തൊട്ടാലത് കരിഞ്ഞുപോകും. പൂന്തോട്ടം ഉണ്ടാക്കിയില്ലെങ്കിൽ ഹെയ്ഡിസ് എന്നെ അധോലോകത്തിൽ നിന്ന് പുറത്ത് വിടില്ല .ഒരു വിധത്തിൽ ചിന്തിച്ചാൽ മമ്മയുടെ ജയിലിൽ നിന്ന് ഹെയ്ഡിസിന്റെ ജയിലിലേക്ക് .

കുറെ നടന്ന ശേഷം അവർ ഒരു താണ നിലത്ത് എത്തി .

“ നിനക്കു ഇവിടെ ജോലി ചെയ്യാം പെർസെഫനി .”

“ എപ്പോഴൊക്കെ എനിക്കിവിടെ വരാൻ സാധിക്കും?’

“ നിനക്ക് ഇഷ്ടമുള്ള പ്പോഴൊക്കെ. നെവർ നൈറ്റിൽ വന്ന് നിയൊന്ന് കൈ ഞൊടിച്ചാൽ മതി. ഇവിടെയെത്തും.” അയാളവളെ ഗാഢമായി ചുംബിച്ച .”ആറുമാസത്തിനകം ഗാർഡൻ ഉണ്ടാക്കിയില്ലെങ്കിൽ ഞാൻ നിനക്ക് ഇവിടെ ഒരു കൊച്ചു കൊട്ടാരം പണിയും”

‘എനിക്ക് പോകണം.’ പെട്ടെന്ന് അവൾ പറഞ്ഞു.

അയാൾ പെർസെഫനിയുടെ അരയിൽ കൈ ചുറ്റി. “നീ ഒരിക്കലും ഒരു മനുഷ്യനെ ഇവിടെ കൊണ്ടുവരരുത് . അഡോണിസിനോട് കൂട്ടുകൂടുകയുമരുത്.”

‘അഡോണിസിനെ നിങ്ങൾക്ക് നേരത്തേ അറിയാമോ? ഞാൻ അയാളോടൊപ്പമാണ് ജോലി ചെയ്യുന്നത്. അയാളെ അവോയ്ഡ് ചെയ്യാൻ എനിക്ക് സാധിക്കില്ല.’

“നിനക്കൊരു ചോയ്സ് ഉണ്ട്. നീ അവനുമായി അടുപ്പത്തിലാവുകയും അവനെ ചൂസ് ചെയ്യുകയും ചെയ്താൽ ഞാൻ വരും, നിന്നെ പിടിച്ച് ഇവിടെ കൊണ്ടുവരും , നീ ഒരിക്കലും അധോലോകത്ത് നിന്ന് പുറത്ത് പോകയുമില്ല.”

‘ഓ പിന്നെ . നിങ്ങൾക്ക് അതിനു സാധിക്കില്ല.’

“ ഓ ഡാർലിംഗ് , യു ഡോൺട് നോ വാട്ട് ഐ ആം കേപ്പബിൾ ഓഫ് “

ഹെയ്ഡിസ് അപ്രത്യക്ഷനായി.

****